# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: എൽ.ആർ 8/042131/01 ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം. തീയതി: 29.01.2013

## മെമ്മോറാണ്ടം

വിഷയം:- ഫാക്ടറീസ് ആക്ടും റൂളും അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുന്നതു സംബന്ധിച്ച്-

സൂചന:- (1). 27.09.2012-ലെ മേൽ നമ്പരായുള്ള മെമ്മോറാണ്ടം.
(2). 19.01.2013-ൽ ജനറൽ മാനേജരുടെ ചേംബറിൽ ചേർന്ന ചർച്ചായോഗ തീരുമാനം.

ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർമാർ കെ.എസ്.ആർ.ടി.സി.യുടെ വിവിധ വർക്ക്ഷോപ്പുകളിൽ നടത്തിവരുന്ന പരിശോധനയിൽ ഫാക്ടറി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി അപാകതകൾ അടിയന്തിരമായി പരിഹരിക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിരിക്കുന്ന സാഹചര്യത്തിൽ സൂചന (1)-ലെ നിർദ്ദേശങ്ങൾക്കൊപ്പം യൂണിറ്റ് ഓഫീസർമാർ താഴെ പറയുന്ന നിർദ്ദേശങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

1) ഗാരേജുകളിൽ ഉണ്ടാകുന്ന അപകടങ്ങൾ 1948-ലെ ഫാക്ടറീസ് നിയമപ്രകാരം താമസംവിനാ ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർമാരെ അറിയിക്കുന്നതിന് യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) യൂണിറ്റുകളിൽ പുതുതായി ഗ്യാരേജുകളുമായി ബന്ധപ്പെട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കും നവീകരണത്തിനും ഫാക്ടറീസ് & ബോയിലേഴ്സിൽ നിന്നും മുൻകൂർ അനുമതിവാങ്ങേണ്ടതും പണി പൂർത്തീകരിച്ചശേഷം സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി യൂണിറ്റുകളിൽ സൂക്ഷിക്കുന്നതിനും എല്ലാ യൂണിറ്റധികാരികളും നടപടി സ്വീകരിക്കേണ്ടതാണ്.

(തുടർച്ച....2)

3) എല്ലാ കെ.എസ്.ആർ.ടി.സി യൂണിറ്റുകൾക്കും പെർമിറ്റ്, ഫാക്ടറി ലൈസൻസ്, സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ അവ ലഭ്യമാക്കിയിട്ടില്ലാത്ത യൂണിറ്റുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4) പുതുതായി യൂണിറ്റുകൾ തുടങ്ങുമ്പോൾ ടി യൂണിറ്റുകൾക്ക് ഫാക്ടറി ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5) പുതിയ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി ഗ്യാരേജുകൾ പുനർനിർമ്മിക്കുന്ന കോഴിക്കോട്, അങ്കമാലി, തിരുവല്ല, തൊടുപുഴ, കൊട്ടാരക്കര, നിലമ്പൂർ യൂണിറ്റുകൾക്ക് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ ലഭ്യമല്ലെങ്കിൽ ആയവ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട യൂണിറ്റധികാരികൾ സ്വീകരിക്കേണ്ടതാണ്.

6) ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർമാർ, സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥർ എന്നിവർ യൂണിറ്റുകളിൽ പരിശോധനയ്ക്ക് എത്തുമ്പോൾ അർഹിക്കുന്ന പരിഗണന നൽകി ആവശ്യമായ ഔദ്യോഗിക സജ്ജീകരണങ്ങൾ ഒരുക്കിക്കൊടുക്കുവാൻ എല്ലാ യൂണിറ്റധികാരികളും, വെൽഫെയർ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7) ഫാക്ടറീസ് & ബോയിലേഴ്സ് നിയമം അനുശാസിക്കുന്ന രീതിയിൽ വർക്ക്ഷോപ്പുകളിൽ യഥാസമയങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുവേണ്ടി**
**ജനറൽ മാനേജർ**

എല്ലാ യൂണിറ്റധികാരികൾക്കും.
എല്ലാ വർക്ക്ഷോപ്പ് അധികാരികൾക്കും.

പകർപ്പ്:-

എക്സിക്യൂട്ടീവ് ഡയറക്ട(ടെക്കിനിക്കൽ)റുടെ സ്റ്റെനോ-യ്ക്ക്.
എക്സിക്യൂട്ടീവ് ഡയറക്ട(വിജിലൻസ്)റുടെ സ്റ്റെനോ-യ്ക്ക്.
ചീഫ് എഞ്ചിനീയർക്ക്.
എല്ലാ വെൽഫെയർ ഓഫീസർമാർക്കും.
കരുതൽ ഫയൽ / ഫയൽ.